

ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# കേരളത്തിന്റെ പുതിയ കരട് വ്യവസായ നയം

കേരളത്തിന്റെ പുതിയ കരട് വ്യവസായ നയം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. നിലവിലുള്ള നയം 2018-ലാണ് ആവിഷ്കരിച്ചത്. നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് പുതിയ നയം പ്രഖ്യാപിച്ചത്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളനുസരിച്ച് കേരളത്തെ വൻ വ്യവസായ കുതിപ്പിലേയ്ക്ക് നയിക്കുന്നതിന് ഉത്തേജനം നൽകുകയെന്നുള്ളതാണ് പുതിയ കരട് നയത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഭാവി ജോലികൾക്കും വ്യവസായങ്ങൾക്കും സാങ്കേതിക വിദ്യകൾക്കും പര്യാപ്തമായ രീതിയിൽ യുവാക്കളുടെ നൈപുണ്യം വർദ്ധിപ്പിച്ച് ഉത്തരവാദിത്വ- സുസ്ഥിര നിക്ഷേപങ്ങൾ ( Responsible - Sustainable Investment) ആകർഷിച്ച് സംരംഭകത്വ വളർച്ച, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ മുഖേന കേരളത്തെ വ്യവസായ വിപ്ലവത്തിന്റെ 4.0 (വ്യവസായ വിപ്ലവത്തിന്റെ നാലാം പതിപ്പ്) -ലേക്ക് എത്തിക്കുന്നതിനുള്ള ഊർജ്ജിത പരിപാടികളാണ് പുതിയ നയത്തിലുള്ളത്.

ഏകദേശം 1,09,000 കോടി രൂപ മൂല്യമുള്ള ഉൽപന്നങ്ങൾ കേരളത്തിന്റെ വിപണിയിലെത്തിച്ചേരുന്നതിനായി ജി. എസ്. റ്റി അവലോകന ഡാറ്റകളിൽ നിന്നും മനസ്സിലാക്കുന്നു. അതിൽ സിംഹഭാഗവും കേരളത്തിന് വെളിയിൽ നിന്നുള്ള വാഹനങ്ങൾ, മരുന്ന്, ടെക്സ്റ്റൈൽ മുതലായ ഉൽപന്നങ്ങളാണ്. ഇത്തരത്തിലുള്ള ഉൽപന്നങ്ങൾ കൂടി കേരളത്തിന്റെ ഉൽപാദന ശേഷി ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്നത് കൊണ്ട് കൂടുതൽ സംരംഭങ്ങൾ സ്ഥാപിക്കുവാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും കഴിയും. പുതിയ വ്യവസായനയം ഇത് പരിശോധന വിധേയമാക്കുന്നതാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി ഒരു കേരള ബ്രാൻഡ് വികസിപ്പിക്കുന്നതിനും പുതിയ നയം ലക്ഷ്യമിടുന്നു. നിർമ്മിത ബുദ്ധി, ഗ്രാഫിൻ, ബഹിരാകാശ മേഖല, ആയുർവ്വേദം, ബയോ ടെക്നോളജി, ഡിസൈനിംഗ്, ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ, ഇലക്ട്രിക് വാഹനങ്ങൾ, എഞ്ചിനീയറിംഗ്, ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യ എന്നീ മേഖലകൾക്ക് പുതിയ നയത്തിന്റെ പ്രത്യേക ഊന്നൽ നൽകുന്നു.

പുതിയ വ്യവസായ നയത്തിൽ അനവധി പ്രോത്സാഹന പദ്ധതികളുണ്ട്. എം. എസ്. എം. ഇ യ്ക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി സബ്സിഡി, വ്യവസായ പാർക്കുകളിൽ ഉൽപാദന സംരംഭങ്ങൾ ആരംഭിക്കുന്നതിന് 100%, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവ്, എം. എസ്. എം. ഇ ഇതര സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന് 5 വർഷത്തേയ്ക്ക് 100% സംസ്ഥാന ജി. എസ്. റ്റി തിരികെ നൽകുന്നത്. കൂടാതെ പുതിയ എം. എസ്. എം. ഇ സംരംഭങ്ങൾക്ക് മൊത്ത ചെലവിന്റെ 50% പരമാവധി ഒരു കോടി രൂപ വരെ തിരികെ നൽകും. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കും. ഭക്ഷ്യമേഖല ഉൾപെടെയുള്ള ഉദയ സംരംഭങ്ങൾ (Sunrise Industry), ഐ. ടി. സംരംഭം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പാക്കും. സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ സർക്കാർ പകുതി വേതനം നൽകി വർഷം 1,000 അപ്രന്റീസുകളെ നിയമിക്കും. 2023 ജനുവരിയിലാണ് പുതിയ വ്യവസായ നയം പുറത്തിറങ്ങുക. 2021 ഏപ്രിൽ 1- ന് പ്രാബല്യത്തിൽ വരും. പുതിയ നയം അന്തിമമാകുന്നതിന് മുമ്പ് വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ, വ്യവസായ സംഘടന പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതാണ്. ദീർഘവീക്ഷണത്തോട് കൂടിയ പുതിയ കരട് വ്യവസായ നയം കേരളത്തെ വ്യവസായ വിപ്ലവം 4.0 -യിലേക്ക് എത്തിക്കുന്നതിന് ഫലപ്രദമാകുമെന്നുള്ള ശുഭപ്രതീക്ഷയുണ്ട്.■